# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ബി.എസ്.സി സൈക്കോളജി പ്രോഗ്രാമിന്റെ പ്രവേശന മാനദണ്ഡങ്ങൾ അംഗീകരിച്ച് 2018-19 അദ്ധ്യയനവർഷം മുതൽ കോഴ്സ് നടപ്പാക്കുന്നതിന് തീരുമാനിച്ച് ഉത്തരവിറക്കുന്നു

---

അക്കാദമിക് എ IX വിഭാഗം

സ.ഉ.നം.6058/ Ac. AIX/Psychology (UG)/2017 തീയതി, പ്രിയദർശിനി ഹിൽസ്, 12.10.2017

---

സൂചന:- (1) ആലുവ യു.സി കോളേജ് സൈക്കോളജി വിഭാഗം മേധാവിയുടെ 23.03.2017 ലെ കത്ത് നം. 309/17

(2) 12.04.2017 ലെ ബഹു. വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രോ വൈസ് ചാൻസലറുടെ ഉത്തരവ്

(3) സൈക്കോളജി (യു ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ 03.05.2017 ലെ കത്ത്

(4) 14.08.2017 ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗതീരുമാനം (മിനിറ്റ്സ് ഇനം നമ്പർ 39/Ac.17/17223).

(5) 25.09.2017 ലെ അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടി ഇനം നമ്പർ 07

## ഉത്തരവ്

സൂചന (1) പ്രകാരം, ആലുവ യു സി കോളേജ് സൈക്കോളജി വിഭാഗം മേധാവി, എം.ജി സർവ്വകലാശാലയ്ക്കു കീഴിലെ കോളേജുകളിൽ ബി.എസ്.സി സൈക്കോളജി പ്രോഗ്രാമിന്റെ പ്രവേശന മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട അപാകതകളും അവ പരിഹരിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങളും സമർപ്പിച്ചിരുന്നു. സൂചന (2) ഉത്തരവ് പ്രകാരം പ്രസ്തുത നിർദ്ദേശങ്ങൾ സൈക്കോളജി (യു ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ വിദഗ്ധാഭിപ്രായത്തിനായി സമർപ്പിച്ചു.

സൂചന (3) പ്രകാരം സൈക്കോളജി (യു ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചു.

a) Eligibility for admission to the course may be fixed as a pass in Higher Secondary Examination or its equivalent as recognised by Mahatma Gandhi University

b) Index marks for ranking the applicants for admission to the course may be calculated as per the following formula:

i. For all eligible applicants, the base level index mark shall be the total marks obtained at the higher secondary (plus 2 level) examination, without adding any weightage

ii. For candidates who have studied Psychology at the plus two level, a weightage of 15% marks scored for Psychology may be added to the base level index marks to get their final index marks.

iii. For candidates who have studied Mathematics or Biology, but not Psychology at the plus two level, a weightage of 10% marks scored for Mathematics or Biology (whichever is higher) may be added to their base level marks to get their final index marks.

iv. For all applicants other than those mentioned in (ii) and (iii) above, the final index marks shall be the base level index marks without adding any weightage.

സൈക്കോളജി (യു ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ മേൽ നിർദ്ദേശങ്ങൾ ബഹു. വൈസ് ചാൻസലറുടെ 16.05.2017 ലെ ഉത്തരവിൻ പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

14.08.2017 ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗ തീരുമാന പ്രകാരം (സൂചന 4) അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കും ശിപാർശ കൾക്കുമായി ഈ വിഷയം സമർപ്പിക്കുകയും പ്രസ്തുത കമ്മറ്റിയുടെ 25.09.2017 ൽ കൂടിയ യോഗം സൂചന (5) പ്രകാരം സൈക്കോളജി (യു ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ സൂചന (3) പ്രകാരമുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും 2018-19 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കുന്ന തിനും ശുപാർശ ചെയ്തു.

പ്രസ്തുത ശിപാർശ ബഹു. വൈസ് ചാൻസലർ 04.10.2017 ൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3 വകുപ്പ് 10(17) നൽകുന്ന പ്രത്യേക അധികാര പ്രകാരം അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ്കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. വി.സി യുടെ പി എസ്
2. പി.വി.സി യുടെ പി എസ്
3. രജിസ്ട്രാർ/പരീക്ഷാകൺട്രോളർ എന്നിവരുടെ പി എമാർ
4. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്)
5. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷാവിഭാഗം)
6. CBCSS സെക്ഷൻ
7. എ സി.സി സെക്ഷൻ
8. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
9. കണ്ടന്റ്മാനേജ്മെന്റ്/ഐ.ക്യു.എ.സി
10. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ. എസി.ബി VI/1/8922/2017